# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/719/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 23/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/719/2022 തീയ്യതി: 23/07/2022

## കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 16-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-04-2022 | 26-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 26-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജി.സജികുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.അരുൺകുമാർ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ.വി.ഡി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീകുമാർ.എസ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി. രവീന്ദ്രനാഥ് | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി.സുജ സുരേന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.പത്മജ തോമസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ധന്യശ്രീ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 07-02-2021 |
| ശ്രീ.സുനിൽകുമാർ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 09-02-2021 | 31-03-2021 |
| ഡോ. എ.ഷാഹുൽ ഹമീദ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ധന്യ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. എലിസബത്ത് എബ്രഹാം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ബി.ശ്യാമ കൃഷ്ണൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. പ്രശാന്ത്.ആർ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.നജീമ. എൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിനി.ഡി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ആനന്ദഭായി അമ്മ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-05-2020 |
| ശ്രീമതി.പ്രീതകുര്യൻ | ഹെഡ് മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീ. അജീഷ് കുമാർ ബി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു.ഡി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 21-10-2020 |
| ശ്രീമതി പ്രേമ എൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 22-10-2020 | 31-03-2021 |
| ശ്രീ.എൻ വിദ്യാധരൻ | MGNREGS അക്രഡിറ്റഡ് എഞ്ചിനായർ | 01-04-2020 | 31-03-2021 |
| ശ്രീമതി വി ജെ അന്നമ്മ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 23-06-2020 |
| ശ്രീ.രവിവർമ കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 24-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.എൻ വിദ്യാധരൻ | MGNREGS അക്രഡിറ്റഡ് എൻജിനീയർ | 01-04-2020 | 31-03-2021 |

12-11-2020 മുതൽ 29-12-2020 വരെ അഡ്മിനിസ്ട്രേറ്ററുടെ നിർവഹണകാലയളവ്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajan.V.D (Senior Grade Auditor, On 25-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sreekumar.S (Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-അപാകതകൾ<br>Written By: Sreekumar.S (Auditor, On 21-07-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Rajan.V.D (Senior Grade Auditor, On 25-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Sreekumar.S (Auditor, On 23-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രിക-അപാകതകൾ<br>Written By: Sreekumar.S (Auditor, On 21-07-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Rajan.V.D (Senior Grade Auditor, On 23-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-7 |
| 10 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 23-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-7-1 |
| 11 | പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത<br>Written By: Rajan.V.D (Senior Grade Auditor, On 23-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-7-2 |
| 12 | സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Rajan.V.D (Senior Grade Auditor, On 25-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-7-3 |
| 13 | ക്യാഷ് പരിശോധന<br>Written By: Rajan.V.D (Senior Grade Auditor, On 25-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Rajan.V.D (Senior Grade Auditor, On 23-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-10 |
| 16 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത | 1-11 |

| | | |
|---|---|---|
| | Written By: Rajan.V.D (Senior Grade Auditor, On 25-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | |
| 17 | ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Arun Kumar A (Asst. Audit Officer, On 23-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-12 |
| 18 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല<br>Written By: Arun Kumar A (Asst. Audit Officer, On 23-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-13 |
| 19 | ഭവന പുനരുദ്ധാരണം ജനറൽ- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 23-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-14 |
| 20 | പാലിന് സബ്സിഡി അധികം നൽകി<br>Written By: Arun Kumar A (Asst. Audit Officer, On 23-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-15 |
| 21 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.<br>Written By: Arun Kumar A (Asst. Audit Officer, On 23-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-16 |
| 22 | റേഷൻ റീട്ടെയിൽ ഡിപ്പോകളും ,സപ്ളൈകോയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor, On 23-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-17 |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല<br>Written By: Rajan.V.D (Senior Grade Auditor, On 23-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 23-07-2022) | 1-18 |
| 24 | ദേശീയ തൊഴിലുറപ്പ് പദ്ധതി- ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു<br>Written By: Rajan.V.D (Senior Grade Auditor, On 24-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-19 |
| 25 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Arun Kumar A (Asst. Audit Officer, On 25-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-20 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 9,89,905/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: G.Sajikumar (Audit Officer (HG), On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-21 |
| 27 | ടെണ്ടർകുറവ് തെറ്റായി കണക്കാക്കി, 49,986 രൂപ അധികം നല്കി<br>Written By: G.Sajikumar (Audit Officer (HG), On 26-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-22 |
| 28 | Compensation For Delay/Liquidated Charges ഈടാക്കിയതിൽ74,782 രൂപായുടെ കുറവ്<br>Written By: G.Sajikumar (Audit Officer (HG), On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-23 |
| 29 | കടമുറികൾ വാടക-നടപടി ക്രമങ്ങളിൽ അപാകത<br>Written By: Sreekumar.S (Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-24 |
| 30 | വസ്തുനികുതി ഇനത്തിൽ കുടിശിക<br>Written By: Sreekumar.S (Auditor, On 27-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-25 |
| 31 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-26 |

| | | |
|---|---|---|
| | Written By: Sreekumar.S (Auditor, On 27-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | |
| 32 | തടിലേലം വ്യവസ്ഥകൾ പാലിച്ചില്ല-തദ്ദേശ കേന്ദ്ര-സംസ്ഥാന ഫണ്ടിന് നഷ്ടം<br>Written By: Sreekumar.S (Auditor, On 27-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 1-27 |
| 33 | ഇ-ടെണ്ടർ ചെയ്യിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 4,44,887 രൂപാ അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 27-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-28 |
| 34 | ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണംകേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അധികം നല്കിയ 12,87,337 രൂപാ നിരാകരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അധികനിരക്കിൽ തുക അനുവദിച്ചു<br>Written By: Rajan.V.D (Senior Grade Auditor, On 24-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 3-1 |
| 2 | ടെണ്ടർകുറവ് തെറ്റായി കണക്കാക്കി, 49,986/-രൂപാ അധികം നല്കി<br>Written By: G.Sajikumar (Audit Officer (HG), On 26-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 3-2 |
| 3 | ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം (340/20-21), അധികമായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിനു നല്കിയിട്ടുള്ള , 12,87,337 രൂപാ നിരാകരിക്കുന്നു<br>Written By: G.Sajikumar (Audit Officer (HG), On 06-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sreekumar.S (Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 22-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreekumar.S (Auditor, On 25-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajan.V.D (Senior Grade Auditor, On 22-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajan.V.D (Senior Grade Auditor, On 22-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 22-04-2022)<br>Last Updated By: Santhosh N (Computer Assistant, On 22-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 26-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajan.V.D (Senior Grade Auditor, On 22-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 22-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ് 27-03-2020 തീയതിയിലെ 1(i) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 23.03.2021 ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 20-07-2021 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക-അപാകതകൾ

1) വസ്തു നികുതി മുന്നിരിപ്പ്,വരവ്,ചെലവ്,നീക്കിയിരിപ്പ് തുകകൾ – സഞ്ചയ -സാംഖ്യ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) ബി-12 സ്ഥിരനിക്ഷേപത്തിന് ലഭിച്ച പലിശ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വാർഷിക ധനകാര്യപത്രികയിലെ ബി-11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസറ്റ്(കോഡ് 410800101) മൂല്യം 63331/-രൂപയാണ്. എന്നാൽ ഡിപ്രീസിയേഷൻ 239956/-രൂപയാണ്.ആസ്തിയുടെ മൂല്യത്തിനേക്കാൾ ഉയർന്ന തുക ഡിപ്രീസിയേഷനായി രേഖപ്പെടുത്തി.

4) Schedule B 9 – ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| 1 | Govt And Other Dues Payable- Tds CGST | 5,100/-രൂപ |
| 2 | Govt And Other Dues Payable-CGST | 3,488/-രൂപ |
| 3 | Govt And Other Dues Payable-SGST | 3,488/-രൂപ |
| 4 | Govt And Other Dues Payable-Flood Cess | 1,119/-രൂപ |
| 5 | Advance Collection Of Revenues – Property Tax On Residential Building | 4,118/-രൂപ |
| 6 | Advance Collection Of Revenues –Proffession Tax | 80,600/-രൂപ |
| 7 | Advance Collection Of Revenues –Licence Fee | 58,850/-രൂപ |
| 8 | Other Liabilities | 21,937/-രൂപ |
| 9 | Govt And Other Dues Payable- Tds SGST | 5,100/-രൂപ |

5) ഷെഡ്യൂൾ B7, R-P 34:- ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടേഴ്സ്/സപ്ളയേഴ്സ്/ബിഡേഴ്സ് ഇ.എം.ഡി, കോൺട്രാക്ടേഴ്സ്/സപ്ളയേഴ്സ്/ബിഡേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ തുടങ്ങിയവ ഇനം തിരിച്ച് തനത് വർഷത്തെ വരവ് കൃത്യമായി രേഖപ്പെടുത്താതതിനാൽ ഷെഡ്യൂൾ B7, RP-34 പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

6) Schedule B 4 – ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ തുകകളുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| 1 | Beneficiary Contribution | 52,201/-രൂപ |
| 2 | Recoveries Payable-covid | 2,50,346/-രൂപ |

7) ഷെഡ്യൂൾ B4 : ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടേയും ജില്ല പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടേയുംനീക്കിയിരുപ്പ് B17 ഷെഡ്യൂളിലെ ബന്ധപ്പെട്ട അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

8)ഷെഡ്യൂൾ ബി-18:- വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.തനത് വർഷത്തെ ചെലവ് വർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

9)ഷെഡ്യൂൾ ബി-9 :- സ്റ്റയിൽ ചെക്ക് ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള 168752രൂപ(ചെക്ക് നമ്പർ 1589801) ക്യൻസൽ ചെയ്ത ചെക്കാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6,92,73,442/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 18,47,09,328/-രൂപ |
| ആകെ | 25,39,82,770/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 20,83,94,923/-രൂപ |
| നീക്കിയിരിപ്പ് | 4,55,87,847/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,71,302/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,29,905/-രൂപ |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | സി.ബി/ (₹) (ലാപ്പ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 25216875/- | 25216875/- | 25216777/- | 98/- (ലാപ്പ്സായ തുക) |
| വികസന ഫണ്ട്-എസ്.സി.പി | 0 | 122833732/- | 122833732/- | 12216342/- | 67390/- (ലാപ്പ്സായ തുക) |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 11477000/- | 11477000/- | 8616841/- | 2860159/- (ലാപ്പ്സായ തുക) |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7146000/- | 7146000/- | 6568038/- | 577962/- (ലാപ്സായ തുക) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 9830000/- | 9830000/- | 241312/- | 9588688/- (ലാപ്സായ തുക) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 19449960/- | 19449960/- | 13519713/- | 5930247/- (ലാപ്സായ തുക) |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 2211/- | | 2211/- | | 2211/- |
| ദുരിതാശ്വാസനിധി | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 188028/- | 1832915/- | 2020943/- | 2001950/- | 18993/- |
| ടി.എസ്.സി | 4623760/- | 4268429/- | 8892189/- | 1341465/- | 7550724/- |
| SSA | 1063697/- | 29226/- | 1092923/- | 0 | 1092923/- |
| ICDS | 1644520/- | 1270250/- | 2914770/- | 1645896/- | 1268874/- |
| ആയുർവേദ വകുപ്പ് വിഹിതം | 4800000/- | 0 | 4800000/- | 4800000/- | 0 |
| സ്റ്റേറ്റ് ഷെയർ | 429195/- | 4243933/- | 4673128/- | 729195/- | 3943933/- |
| മറ്റ് ഗ്രാന്റുകൾ | 0 | 220000/- | 220000/- | 220000/- | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക-അപാകതകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 250 | 128545456/- | 203 | 63943052/- | - | 47 | 81.20 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 188028/- | 1832915/- | 2020943/- | 2001950/- | 18993/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 77563000/- | 77563000/- | 77563000/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 256200/- | 182 |
| കർഷകതൊഴിലാളി പെൻഷൻ | 10225900/- | 676 |
| വിധവാപെൻഷൻ | 29584000/- | 2084 |
| വാർദ്ധക്യകാലപെൻഷൻ | 46683600/- | 3523 |
| വികലാംഗപെൻഷൻ | 7444800/- | 520 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 638500/- | 47 |

## 1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ്

നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി ഗ്രാമപഞ്ചായത്തിൽ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ഇക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ പെൻഷനുകൾ സസ്പെന്റ് ചെയ്യുന്നതിൽ കാലവിളംബമുണ്ടാകുന്ന സ്ഥിതിയുണ്ട്. ഇതിനാൽ പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ, ഇടമുളയ്ക്കൽ സർവ്വീസ് സഹകരണബാങ്കിൽ നിന്നും ക്രമമായ ഇടവേളകളിൽ മരണമോ മറ്റ് കാരണങ്ങളാലോ പെൻഷൻ തടഞ്ഞുവയ്ക്കപ്പെട്ടവരുടെ വിശദമായ രേഖകൾ ശേഖരിക്കുകയും അതിനനുസൃതമായി സേവന സോഫ്റ്റ് വെയറിൽ പെൻഷൻ സസ്പെന്റ് ചെയ്യുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യാത്തതിനാൽ സഹായധനം ദുർവിനിയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്.

ഓഡിറ്റ് അന്വേഷണം -02/2021/21.04.2022

1-7-2 പെൻഷണർമാർ അനർഹമായി സാമൂഹ്യസുരക്ഷാപെൻഷൻ കൈപ്പറ്റിയത് തിരികെ ഈടാക്കിയില്ല - സർക്കാരിന് അധികബാധ്യത

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ സർക്കുലർ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് അന്വേഷണം -1/2021:16.10.2021

| ക്രമ നം | പെൻഷണറുടെ പേര് | പെൻഷണർ ഐ ഡി | കൈപ്പറ്റുന്ന പെൻഷൻ ഇനം | അനർഹമായി കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|
| 1 | ജയപ്രകാശ് ബി<br>സരിതഭവൻ, മഠത്തുരപ്പ | 103330202774 | വാർദ്ധക്യകാലപെൻഷൻ | 36600/- |
| 2 | ഓമന കെ<br>കാഞ്ഞിരംവിളവീട്<br>പടിഞ്ഞാറ്റിൻകര | 103330601938 | വിധവാപെൻഷൻ | 40000/- |
| 3 | നളിനാക്ഷി<br>ചരുവിളവീട്, പാലമുക്ക് | 103330602051 | വിധവാപെൻഷൻ | 40800/- |
| 4 | സാറാമ്മ, പുത്തൻവീട്ടിൽ<br>പണ്ടകശാല, വയയ്ക്കൽ | 103330602064 | വിധവാപെൻഷൻ | 37600/- |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി, മിനി ഭവൻ ഇടമുളയ്ക്കൽ | 103330101235 | കർഷകത്തൊഴിലാളി പെൻഷൻ | 14500/- |

1-7-3 സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക(₹) |
|---|---|---|---|---|---|---|
| 1 | ശ്രീ. ബദറുദ്ദീൻ തേക്കുംമൂട്ടിൽ വീട് വയയ്ക്കൽ | വാർദ്ധക്യകാല പെൻഷൻ | 103330202696 | 27-05-2018 | 6/2018 മുതൽ 7/2019 വരെ | 15800/- |
| 2 | ശ്രീമതി . ഏലിയാമ്മ തെങ്ങുവിള വീട് ഇടമുളയ്ക്കൽ | വാർദ്ധക്യകാല പെൻഷൻ | 103330201247 | 19-12-2019 | 1/2020 മുതൽ 4/2020 വരെ | 7500/- |
| 3 | ശ്രീ. രാജൻ ശാമുവൽ കളയ്ക്കാട്ട് വിളയിൽ വാളകം | ദേശീയ വികലാംഗ പെൻഷൻ | 103330400494 | 18-11-2018 | 12/2018മുതൽ 7/2019വരെ | 10400/- |

ഓഡിറ്റ് വേളയിലെ പരിശോധനയിൽ കണ്ടെത്തിയ പെൻഷണറുടെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇടമുളയ്ക്കൽ പഞ്ചായത്തിൽ നിന്നുതന്നെ പെൻഷൻ വാങ്ങിവന്നിരുന്ന വ്യക്തിയുടെ മരണം അവിടെത്തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽപ്പോലും പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടാത്തതിനാലാണ് സാമൂഹ്യ സുരക്ഷ പെൻഷൻ മരണശേഷവും തുടർന്ന് നല്കിയത്. ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള നിലവിലുള്ള ഏക മാർഗ്ഗം. മരണശേഷം അനുവദിച്ച പെൻഷൻ തുക ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാം. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം -18/25-04-2022

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 23-04-2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,261/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്ത പ്പെടുത്തൽ ഉറപ്പാക്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിനിർവഹണത്തിൽ കൃത്യതയാർന്ന ഡേറ്റാ ഉപയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽ നികുതി,വിവിധ ലൈസൻസുകൾ ഇവയുടെ സുതാര്യമായ വരവ് നിരീക്ഷിക്കാനുതകും വിധം വാർഡ് തലത്തിൽ വിവരശേഖരണം നടത്തി പ്രത്യകമായി ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിർത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-11-2021 | 4/21 – 9/21 | 04-12-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.18 – 27.09.18 | 2013-14 മുതൽ 2017-18 വരെ | 25.10.2018 |

1-11 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല. (പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ഏതാനും സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.കൂടുതൽ സ്ഥാപനങ്ങൾ ഇത്തരത്തിൽ ഉണ്ടോ എന്ന് വാർഡ് തലത്തിൽ പരിശോധന നടത്തി തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.)

1. ബിസ്മി ഹൈപ്പർമാർട്ട് -ആയൂർ
2. കോടിയാട്ട് ഹോം അപ്ലയൻസസ്-ആയൂർ
3. കോടിയാട്ട് മാർജിൻഫ്രീ മാർക്കറ്റ്-ആയൂർ
4. പി ജെ ഇലക്ട്രോണിക്സ്& ഹോം അപ്ലയൻസസ്-ആയൂർ
5. വൈറ്റ് മാർട്ട് -ആയൂർ
6. ധന്യ സൂപ്പർമാർക്കറ്റ് -ആയൂർ

7. പിങ്ക് സൂപ്പർമാർക്കറ്റ്-ആയൂർ
8. പനച്ചമൂട്ടിൽ ഹോണ്ട-ആയൂർ
9. ജെ ബി എസ് ആട്ടോമോട്ടീവ് -തടിക്കാട്
10. അലങ്കാർ ടെക്സ്റ്റൈയിൽസ്-ആയൂർ
11. മൊസാർട്ട് ഫർണിച്ചർ മാർട്ട്-പനച്ചവിള(സ്ഥാപനതൊഴിൽ നികുതി,ലൈസൻസ് ,തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല)
12. എ ആർ ഏജൻസീസ്-ആയൂർ
13. ജോബ് ഹാർഡ് വെയേഴ്സ് – പെരിങ്ങള്ളൂർ

ഓഡിറ്റ് അന്വേഷണം-11/23.04.2022

1-12 ലൈഫ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നം- 294/21

ആകെ അടങ്കൽ-9460000/-രൂപ; ചിലവ്-3120000/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

2020-21 വർഷം ലൈഫ് ഭവനപദ്ധതിയിൽ (ജനറൽ ,സ്പിൽ ഓവർ) ഒന്നും രണ്ടും ഗഡുക്കൾ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി

ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക(₹) | തീയതി/ബിൽ.നം. |
|---|---|---|---|
| 1 | ബിനു, വിമൽ ഭവൻ, ഇടയം, തടിക്കാട് | 40000/- | 4/13-9-2018 |
| 2 | മുഹമ്മദ് സാദിഖ്, കൊടിഞ്ഞിൽ കിഴക്കുംകര പുത്തൻവീട്, ഇടമുളയ്ക്കൽ | 40000/-<br>160000/- | 2/8-8-18<br>Chq.no-6707177/16-2-19 |

ഭവനനിർമ്മാണം പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് നിർമ്മാണം പൂർത്തീകരിക്കുന്നിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും ആയത് പൂർത്തീകരിക്കുന്ന മുറക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.-4 തീയതി-20/4/22

1-13 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ- മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടും ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്/ഫണ്ടിനം: നം. | ആകെ അടങ്കൽ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ തുക | ആകെ ലഭിച്ച മരുന്ന് (₹) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 95/2020-21 മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 600000/- | 600000/- (ബിൽ.നം-1/27.1.21) | 447255/- | 152745/- |

ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 3/20-4-22) മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ മറുപടി നൽകി. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-14 ഭവന പുനരുദ്ധാരണം ജനറൽ- നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് - വീട് വാസയോഗ്യമാക്കൽ ജനറൽ

പ്രോജക്ട് നമ്പർ – 25/21

അടങ്കൽ – 3400000/-രൂപ (വികസനഫണ്ട് ജനറൽ )
നിർവ്വഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

ചെലവ് - 2175000/-രൂപ, വികസനഫണ്ട് ജനറൽ
മേൽ പ്രസ്താവിത പദ്ധതിപ്രകാരം ഷിബു, പി.എം, മാംപൊയ്കയിൽ വീട് മഠുരപ്പ,(വാർഡ്5) എന്ന ഗുണഭോക്ത്താവ് ഒന്നാം ഗഡു ആയി 25000/- രൂപ (ബിൽ നം-29/10-2-21) കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി വാല്യുവേഷൻ സമർപ്പിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.ആയതിൻ മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണന്ന് മറുപടി ലഭ്യമാക്കി. മേൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണ പുരോഗതി വിലയിരുത്തി ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി-നം-5/20-4-22

1-15 പാലിന് സബ്സിഡി അധികം നൽകി

പ്രോജക്ട് നം -156/21 - പാലിന് സബ്സിഡി

അടങ്കൽ-1100000/-രൂപ, വികസന ഫണ്ട്

ചെലവ് – 900000/-രൂപ

ബിൽ നം-1/20-21 തീയതി-25/2/21 തുക-188510/-രൂപ

ബിൽ നം-2/20-21 തീയതി-25/2/21 തുക-259463/-രൂപ

ബിൽ നം-3/20-21 തീയതി-25/2/21 തുക-134857/-രൂപ

ബിൽ നം-4/20-21 തീയതി-25/2/21 തുക- 317170/-രൂപ

2020-21 വർഷം ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്നപ്രോജക്ടിൽ ആഗസ്ത്,സെപ്റ്റംബർ,ഒക്ടോബർ എന്നീ മാസങ്ങളിൽ അറയ്ക്കൽ ,പൊടിയാട്ടുവിള,ഇടമുളയ്ക്കൽ,ആയൂർ എന്നീ ക്ഷീരസംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് പാലിന്സബ്സിഡി നൽകിയ ഇനത്തിൽ വകുപ്പ് വിഹിതം കുടി ഉൾപ്പെടുത്തി നാല് രൂപ

നൽകുന്നതിന് പകരം വികസനഫണ്ടിൽ നിന്ന് നാലുരൂപ വീതം നൽകിയിരിക്കുന്നു. ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന്14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാതെയാണ് വികസനഫണ്ടിൽ നിന്ന് 4 രൂപ വീതം ചെലവഴിച്ചിരിക്കുന്നത്.പ്രസ്തുത വിവരങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമായ നിർദ്ദേശം ലഭിക്കാതിരുന്നതിനാലാണ് വികസനഫണ്ടിൽ നിന്നും തുക ചിലവഴിച്ചതെന്നും വരും വർഷങ്ങളിൽ ഇത് ആവർത്തിക്കുകയില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക ക്ഷീര വികസന വകുപ്പിൽ നിന്നും ലഭ്യമാക്കി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 14/25.04.2022

1-16 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

അങ്കണവാടി പോഷകാഹാരം (പൊതുവിഭാഗം)

പ്രോജക്ട് നം. 48/21
ആകെ അടങ്കൽ - 51,50,000/-രൂപ (2,80,000/-രൂപ, വികസന ഫണ്ട് ജനറൽ, കേന്ദ്രാവിഷ്കൃത ഫണ്ട് -18,00,000/-രൂപ, ബ്ലോക്ക് പഞ്ചായത്ത്-3,50,000/-രൂപ, ജില്ലാ പഞ്ചായത്ത്-2,00,000/-രൂപ)
ആകെ ചിലവ് – 44,67,870/-രൂപ.(26,21,974/-രൂപ വികസന ഫണ്ട് ജനറൽ, കേന്ദ്രാവിഷ്കൃത ഫണ്ട് -16,45,896/-രൂപ, ബ്ലോക്ക് പഞ്ചായത്ത്-1,50,000/-രൂപ, ജില്ലാ പഞ്ചായത്ത്-50,000/-രൂപ)

പ്രോജക്ട് നം43/21 അങ്കണവാടി പോഷകാഹാരം (എസ്.സി.പി)
ആകെ അടങ്കൽ-3,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി)
ആകെ ചിലവ് -3,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി)

സാമ്പത്തിക വർഷത്തിൽ അങ്കണവാടിയിലെ 3 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് വിതരണം നടത്താനായി അമൃതം ന്യൂട്രിമിക്സ് അമൃതം ഫുഡ് സപ്ലിമെന്റ് മാത്ര എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ന്യൂട്രിമിക്സ് സാമ്പിളുകൾ Food Testingലാബിൽ പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലാബ് റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലന്നും,ലഭ്യമാകുന്നമുറക്ക് ഓഡിറ്റിൽ ഹാജരാക്കാം എന്നും അറിയിച്ചിട്ടുണ്ട്.
സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ

സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 10-തീയതി -23.4.22

1-17 റേഷൻ റീട്ടെയിൽ ഡിപ്പോകളും ,സപ്ളൈകോയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും, മാവേലി സ്റ്റോറുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്തു പരിധിയിൽ 36 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിനു 36 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകളെയും സപ്ളൈകോയെയും മാവേലി സ്റ്റോറുകളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.11 /23.04.2022

1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ ആണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി (2%) (₹) |
|---|---|---|
| 1 | കൈതക്കെട്ട് ഇലഞ്ഞിയറ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297666<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -366079/- | 7322/- |
| 2 | ട്രാൻസ്ഫോർമർ ജംഗ്ഷൻ നട്ടുവിലഴികത്ത് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297651<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -365409/- | 7308/- |
| 3 | നെല്ലിത്താനം ഏലാത്തോപ്പിൽഭാഗം റോഡ് കോൺക്രീറ്റിംഗ്<br>WC – RC/300561<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -362756/- | 7255/- |

| | | |
|---|---|---|
| 4 | അറയ്ക്കൽ തെക്കേജംഗ്ഷൻ കുറ്റ ഏലാ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297719<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -360079/- | 7201/- |
| 5 | തിരു അറയ്ക്കൽ തുപ്പോട്ട് ഏലാ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297653<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -366838/- | 7336/- |
| 6 | എ കെ എം എച്ച് എം ബ്രാഞ്ച് റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297718<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -366588/- | 7331/- |
| 7 | രോഹിണി നിവാസ് ഇടവന റോഡ് കോൺക്രീറ്റിംഗ്<br>WC – RC/297819<br>കോൺട്രാക്ടർ – മണി ജെ,പുതിയവിളപുത്തൻവീട്,മതുരപ്പ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -366588/- | 7331/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടയ്ക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെഅടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (13/25-04-22) മറുപടിയായി തുക ഈടാക്കി അടവാക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃത നിരക്കിലുള്ള ടി.ഡി.എസ്. ഈടാക്കുകയും ജി. എസ്. ടി. അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-19 ദേശീയ തൊഴിലുറപ്പ് പദ്ധതി- ചെയ്യാത്ത ഇനങ്ങൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തുക അനുവദിച്ചു

2020-21 സാമ്പത്തിക വർഷത്തിൽ Earthern Bund നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code-ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/$m^3$ / 204.37/$m^3$ രൂപ എന്നിങ്ങനെ നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കൂലി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിയ്ക്കാവുന്ന നിരക്ക് 157.18/$m^3$ / 168.78/$m^3$ രൂപയാണ്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

$M^3$–ന് 192.758/ / 204.37/-രൂപ തിട്ടപ്പെടുത്തിയതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ :
Code 2.3.1 - Earth Work –Banking Excavated Earth In Layers...all Kinds Of Soil.

അധികമായി തുക അനുവദിച്ചതിനാൽ വിവിധ പ്രവൃത്തികളിലായി 53,39,79.34/- രൂപ തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ചിട്ടുണ്ട്.
പ്രവൃത്തികളുടെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-20 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടിന്റെ വിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) | ബിൽനം/ തീയതി |
|---|---|---|---|---|
| 1 | പ്രോജക്ട് നം264/21 ,പട്ടിക ജാതി കോളനിയിലേയ്ക്ക് പൈപ്പ് ലൈൻ എസ്റ്റൻഷൻ<br>അടങ്കൽ തുക-26,40,000/-രൂപ | കേരള വാട്ടർ അതോറിറ്റി | 17,42,500/-<br>7,00,000/-<br>1,97,500/- | 2/21-4-20<br>3/21-4-20<br>6/22-5-20 |
| | | ആകെ | 26,40,000/- | |

വിശദവിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നും വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ,ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2640000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

തടസ്സം - 26,40,000/- രൂപ

ഓഡിറ്റ് അന്വേഷണം-17, തീയതി-25-4-22

1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല, 9,89,905/- രൂപാ തടസ്സപ്പെടുത്തുന്ന

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക(₹) | ബിൽ നം / ചെക്ക് നം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ജീവനം ഡയാലിസിസ് യൂണിറ്റിന് വിഹിതം നല്കൽ(5 /21)<br>അടങ്കൽ തുക-50000/-രൂപ, (വികസനഫണ്ട്) | ജില്ലാ പഞ്ചായത്ത്, കൊല്ലം | 50,000/- | 10 /20-21, 20-08-20 |
| 2 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(263 /21)<br>അടങ്കൽ തുക-6,00,000/-രൂപ, (വികസനഫണ്ട്) | കേരളാ വാട്ടർഅതോറിറ്റി, പിഎച്ച് ഡിവിഷൻ, കൊട്ടാരക്കര | 5,93,700/- | 3/20-21, 11-05-20 |
| 3 | അടിയന്തിര പ്രാധാന്യമുള്ള വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(3 /21<br>അടങ്കൽ തുക-2,00,000/-രൂപ (തനത്ഫണ്ട്) | ഇലക്ട്രിക്ക് സെക്ഷൻ, ആയൂർ | 27,011/- | 127030, 14-10-2020 |
| | | ഇലക്ട്രിക്ക് സെക്ഷൻ, അഞ്ചൽവെസ്റ്റ് | 17,173/- | 655667, 11-11-2020 |
| | | ഇലക്ട്രിക്ക് സെക്ഷൻ, അഞ്ചൽവെസ്റ്റ് | 1,39,306/- | 3142887, 25-03-2021 |
| | | ഇലക്ട്രിക്ക് സെക്ഷൻ, വാളകം | 8,715/- | 181027 26-02-2021 |
| 4 | ജില്ലാ ആസൂത്രണ മന്ദിര നിർമ്മാണം വിഹിതം നല്കൽ<br>അടങ്കൽ തുക-1,50,000/-രൂപ (തനത്ഫണ്ട്) | ജില്ലാ ആസൂത്രണ ബോർഡ് കൊല്ലം | 1,50,000/- | 3142889 26-03-2021 |
| | | | 9,85,905/- | |

പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 9,85,905 രൂപാ തടസ്സപ്പെടുത്തുന്നു.രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-13 / 25-04-2022

തടസ്സപ്പെടുത്തുന്ന തുക-9,89,905/- രൂപ .

1-22 ടെണ്ടർകുറവ് തെറ്റായി കണക്കാക്കി, 49,986 രൂപാ അധികം നല്കി

അലക്കുന്ന് വേങ്കിലഴികം റോഡ് കോൺക്രീറ്റിംഗ്,ആയൂർ മാർക്കറ്റ് ഫിഷ്സ്റ്റാൾ, മീറ്റ് സ്റ്റാൾ നവീകരണം എന്നീ പ്രവൃത്തികളിൽ ടെണ്ടർ കുറവ് തെറ്റായി കണക്കാക്കിയതിനാൽ 49,986/-രൂപാ അധികം നല്കി, വിശദവിവരത്തിന് ഖണ്ഡിക 3 -2 കാണുക.

1-23 Compensation For Delay/Liquidated Charges ഈടാക്കിയതിൽ74,782 രൂപായുടെ കുറവ്

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ,പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്തു കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച

നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല.വിശദാംശങ്ങൾചുവടെചേർക്കുന്നു

(1)

| | |
|---|---|
| പ്രോജക്റ്റ് | അംഗനവാടികൾക്ക് ചുറ്റുമതിൽ |
| അടങ്കൽ തുക | 600000/-രൂപ<br>(സംരക്ഷണ ഗ്രാന്റ്, റോഡിതരം) |
| കരാറുകാരൻ | കെ.എസ് നിസ്സാറുദ്ദീൻ |
| കരാർ | 95/Ae/LSGD/EDML/18-19,,<br>29-11-2018 |
| ചെലവ് തുക | 5,31,935, ബിൽ നം 42,06-10-2020 |
| എഗ്രീഡ് പി.എ.സി. | 5,99,291/-രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 29-11-2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 08-09-2020 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 28-05-2019 |
| വൈകിയ കാലയളവ് : | 103 ദിവസം |
| കണക്കാക്കാവുന്ന ഫൈൻ | 8818/-രൂപ (599291 X0.1% 103/7). |
| ഈടാക്കിയ ഫൈൻ. | 5968/-രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 2850/-രൂപ |

(2)

| | |
|---|---|
| പ്രോജക്റ്റ് | കുരുവിക്കോണം എസ്. സി. കോളനി ഫുട്പാത്ത് |
| അടങ്കൽ തുക | 213000/-രൂപ (വികസനഫണ്ട് എസ്.സി.പി.) |
| കരാറുകാരൻ | ശ്രീ. എസ് ഹാരീസ് |
| കരാർ | /20-09-2019 |
| ചെലവ് തുക | 202940 രൂപാ, ബിൽനം 121,28-03-2021 |
| എഗ്രീഡ് പി.എ.സി. | 190119/-രൂപ. |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം. |
| പ്രവൃത്തി ആരംഭിച്ച തീയതി | 20-09-2019 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 12-03-2021 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 19-03-2020 |
| വൈകിയ കാലയളവ് | 358 ദിവസം. |
| കണക്കാക്കാവുന്ന ഫൈൻ | 9723/-രൂപ (190119 X0.1% X358/7). |
| ഈടാക്കിയ ഫൈൻ | 1811/-രൂപ |

| | |
|---|---|
| ഈടാക്കിയതിൽ കുറവുവന്ന തുക | 7912/രൂപ. |

(3)

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് നവീകരണം |
| അടങ്കൽ തുക | 3500000/-രൂപ (തനതുഫണ്ട്) |
| കരാറുകാരൻ | കെ.എസ് നിസ്സാറുദ്ദീൻ |
| കരാർ | 25-10-2019 |
| ചെലവ് തുക | 2716009/-രൂപ. |
| എഗ്രീഡ് പി.എ.സി | 2716009/-രൂപ. |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 6 മാസം. |
| പ്രവൃത്തി ആരംഭിച്ച തീയതി | 25-10-2019 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 15-12-2020 |
| കരാർപ്രകാരംപ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 24-04-2020 |
| വൈകിയ കാലയളവ് : | 235 ദിവസം |
| കണക്കാക്കാവുന്ന ഫൈൻ | 180/-രൂപ (2716009 X0.1% X235/7) |
| ഈടാക്കിയ ഫൈൻ. | 27160/-രൂപ |
| ഈടാക്കിയതിൽ കുറവുവന്ന തുക | 64020/രൂപ |

മൂന്ന് പ്രവൃത്തികളിലായി Compensation For Delay/Liquidated Charges ഇനത്തിൽ ഈടാക്കാൻ കുറവുവന്ന തുക74,782 രൂപാ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-12, തീയതി-25-04-2022 .

## 1-24 കടമുറികൾ വാടക-നടപടി ക്രമങ്ങളിൽ അപാകത

2020-21 സാമ്പത്തിക വർഷം പഞ്ചായത്ത് വക 16 കടമുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്.കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ഒരു ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കടമുറികളുടെ നടത്തിപ്പിനായി ഇപ്രകാരം ബൈലോ തയ്യാറാക്കി സൂക്ഷിക്കുകയോ കൃത്യമായ ഇടവേളകളിൽ വാടക പുതുക്കുന്നതിന് കരാർ ചമയ്ക്കുകയോ ചെയ്യുന്നില്ല. നിലവിൽ വാടകയിൽ 5% വർദ്ധനവ്, ജി.എസ്.റ്റി, ഫ്ലഡ് സെസ്, പിഴപ്പലിശ എന്നിവ ഈടാക്കുന്നുണ്ട്. എന്നാൽ കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവരുമായി ഗ്രാമ പഞ്ചായത്ത് കൃത്യമായ കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ ഒപ്പു മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വാടകക്കാരുമായി മുദ്രപത്രത്തിൽ കൃത്യമായ ഉടമ്പടി ചമയ്ക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയാണ്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം ഗ്രാമ പഞ്ചായത്തിന് കഴിയാതെ വരും.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് ( നം.21, 25/04/2022) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിൽ കടമുറികൾ വാടകയ്ക്ക് നൽകുന്നതിന് ഒരു ബൈലോ തയ്യാറാക്കേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ്. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 7(2) പ്രകാരം, ഫോറം III ലെ നിബന്ധനകൾക്ക് അനുസൃതമായി

മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ വാടകക്കാരിൽ നിന്നും കരാർ ചമയ്ക്കേണ്ടതാണ്.

കൃത്യമായ ഇടവേളകളിൽ വാടക നിരക്ക് പുതുക്കി നിശ്ചയിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-25 വസ്തുനികുതി ഇനത്തിൽ കുടിശിക

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ വസ്തുനികുതി ഇനത്തിൽ 2020-21വർഷം 2203903/രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 31.03.2021-ൽ ഈടാക്കാൻ അവശേഷിക്കുന്ന തുക(₹) |
|---|---|---|
| 1 | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതി (വാസഗൃഹം, വാണിജ്യം, വാണിജ്യേതരം ഉൾപ്പെടെ (തൻവർഷം) | 9,40,021/- |
| 2 | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതി (വാസഗൃഹം, വാണിജ്യം, വാണിജ്യേതരം ഉൾപ്പെടെ (കുടിശ്ശിക) | 12,63,882/- |
| | ആകെ | 22,03,903/- |

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-26 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽകോഡ് വാല്യം I ആർട്ടിക്കിൾ 282 പ്രകാരവും, 2011-ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 79 പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിങ്ങനെയുള്ള തുകകൾ നിശ്ചിത കാലയളവിനുശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2012-13സാമ്പത്തിക വർഷം മുതലുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലായെന്ന് ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. എന്നാൽ രേഖപ്പെടുത്തലുകൾ കൃത്യവും കാലികവും അല്ലാത്തതിനാൽ ഇത്തരത്തിലുള്ള ആകെ തുക കണക്കാക്കാൻ കഴിയുന്നില്ല.

മൂന്നുവർഷത്തിൽ കൂടുതലായി റീഫണ്ട് ചെയ്യാൻ അവശേഷിക്കുന്ന നിരതദ്രവ്യം/ജാമ്യനിക്ഷേപ തുകകളുടെ കൃത്യമായ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.20/25-04-2022) മറുപടി ലഭ്യമാക്കിയില്ല.മുൻ വർഷങ്ങളിലെ ബിൽ രജിസ്റ്റർ പരിശോധിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ/മാറാത്ത ചെക്കുകൾ എന്നിവയുടെ കാലാവധി 3 വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും, ഇത് ഉറപ്പുവരുത്തുന്നതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട റെക്കോർഡുകളുടെ പരിപാലനവും അതാത് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മുൻ വർഷങ്ങളിലെ ബിൽ രജിസ്റ്റർ

പരിശോധിച്ച് പിൻവലിച്ച കൊണ്ടുപോയ ഡെപ്പോസിറ്റ് തുകകൾ തീയതി സഹിതം രേഖപ്പെടുത്തലുകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ വരുത്തി മുതൽക്കൂട്ടുവാനുള്ള തുകകളുടെ കൃത്യമായ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും രജിസ്റ്ററുകളുടെ പരിപാലനം കുറ്റമറ്റതാക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കേക്കേണ്ടതാണ്.

1-27 തടിലേലം വ്യവസ്ഥകൾ പാലിച്ചില്ല-തദ്ദേശ കേന്ദ്ര-സംസ്ഥാന ഫണ്ടിന് നഷ്ടം

ഗ്രാമപഞ്ചായത്തിലെ തലമല എലിക്കോട് റോഡിന് വശത്തുള്ള മരങ്ങൾ മുറിച്ച് മാററുന്നതിനായി പഞ്ചായത്ത് 11/06/2020 ൽ നടത്തിയ ലേലത്തിൽ സുധീർ,തലമല ഒഴുപാറയ്ക്കൽ എന്ന വ്യക്തി 27500രൂപയ്ക്ക് ലേലം പിടിക്കുകയും താഴെ പറയുന്ന പ്രകാരം ടിയാൻ ലേലതുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| ഡെപ്പോസിറ്റ് തുക | ₹15000/- രസീത് നമ്പർ 120040100840 തീയതി 09-06-2020 | |
| ലേലതുക | ₹27500/- രസീത് നമ്പർ 120040100857 തീയതി30-06-2020 | |
| ജി.എസ്.ടി | ₹2475/- രസീത് നമ്പർ 120040100857 തീയതി30-06-2020 | സംസ്ഥാന സർക്കാരിലേക്ക് അടവാക്കിയ തുക-4125/-രൂപ<br>കേന്ദ്ര സർക്കാരിലേക്ക് അടവാക്കിയ തുക-2475/-രൂപ |
| എസ്.ജി.എസ്.ടി | ₹2475/- രസീത് നമ്പർ 120040100857 തീയതി30-06-2020 | |
| വനം നികുതി | ₹1375/- രസീത് നമ്പർ 120040100857 തീയതി30-06-2020 | |
| Flood Cess | ₹275/- രസീത് നമ്പർ 120040100857 തീയതി30-06-2020 | |
| | ആകെ-49,100/-രൂപ | |

14-08-2020ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10/8നമ്പർ തീരുമാനപ്രകാരം മേൽ പറഞ്ഞ മരം റവന്യൂ ഭൂമിയിലല്ല എന്നപരാതിയുടെ അടിസ്ഥാനത്തിൽ ലേലം റദ്ദുചെയ്യുന്നതിനും ലേല തുക തിരികെ നൽകുന്നതിനും തീരുമാനിച്ചു. ചെക്ക് നമ്പർ 655612 പ്രകാരം 49100/- രൂപ 26-08-2020 ൽ തിരികെ നൽകുകയും ചെയ്തു. എന്നാൽ സർക്കാരിലേക്ക് നികുതിയിനത്തിൽ ഒടുക്കുവരുത്തിയ 6600/-രൂപ ഉൾപ്പടെയാണ് മേൽ പറഞ്ഞ വ്യക്തിക്ക് തിരികെ നൽകിയത്. തുടർന്ന് 06-10-2020ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10/1 നമ്പർ തീരുമാനപ്രകാരം 19-10-2020 ന് പുനർലേലം നടത്തുകയുണ്ടായി. ആദ്യ ലേലം റദ്ദ് ചെയ്യുന്നതിനായി പറഞ്ഞ കാരണങ്ങൾ വസ്തുതാപരമല്ലാത്തതിനാലാണ് പുനർലേലം നടത്തിയിട്ടുള്ളത്. പ്രസ്തുത പുനർലേലത്തിൽ നിസാർ, തലമല പുത്തൻ വീട് എന്ന വ്യക്തിക്ക് 24500 രൂപയ്ക്ക് ലേലം ഉറപ്പിച്ച നൽകി. 29-01-2021

തീയതിയിലെ രസീത് നമ്പർ 24500രൂപ ടീയാൻ ഒടുക്കുവരുത്തി.എന്നാൽ ടിയാനിൽ നിന്നും നികുതിയിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാറിലേക്ക് അടയ്ക്കേണ്ട 5880/-രൂപ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സി. ജി.എസ്.ടി. | ₹2205/- | സംസ്ഥാന സർക്കാരിലേക്ക് അടവാക്കേണ്ട തുക-3675/-രൂപ<br>കേന്ദ്ര സർക്കാരിലേക്ക് അടവാക്കേണ്ട തുക-2205/-രൂപ |
| എസ്.ജി.എസ്.ടി. | ₹2205/- | |
| വനം നികുതി | ₹1225/- | |
| Flood Cess | ₹245/- | |
| ആകെ | ₹5,880/- | |

ആദ്യ ലേലത്തിനേക്കാൾ 3,000/-രൂപ കുറഞ്ഞാണ് പുനർലേലത്തിൽ മരങ്ങൾ വിറ്റത്. ഈ മരങ്ങൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ച വില സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ നടപടികൾ മൂലം ഗ്രാമപ്പഞ്ചായത്തിനുണ്ടായ നഷ്ട തുകയായ 8,880/- രൂപ (3,000+ 5,880/-രൂപ ) യിൽ 3,000/-രൂപ വസ്തുതാപരമല്ലാത്ത കാരണങ്ങളാൽ ആദ്യ ലേലം റദ്ദ് ചെയ്ത് പുനർലേലം നടത്തിയ സെക്രട്ടറിയിൽ നിന്നും 5,880/-രൂപ രണ്ടാം ലേലം കൊണ്ട നിസാർ എന്ന വ്യക്തിയിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുകയും ജി. എസ്. ടി. ഇനത്തിലുള്ള തുക ക്രമപ്പെടുത്തി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 22/25.09.2022 .

1-28 ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ 4,44,887 രൂപാ അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പരിശോധനയ്ക്ക് ലഭ്യമാക്കിയ പത്രിക പ്രകാരം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി എഞ്ചിനീയറുടെ അക്കൗണ്ടിൽ23-12-2019 വരെ 1,61,950/-രൂപാ വരവുണ്ട്. ടി തുക തിരികെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിൻറെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിലവിൽ ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫാറവില അസി. എഞ്ചിനീയറുടെ എസ് ബി ഐ ഇടമുളയ്ക്കൽ ശാഖയിലെ കറണ്ട് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്.പരിശോധനയ്ക്ക് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെൻറ് പ്രകാരം 12-03-2022 ൽ ടിഅക്കൗമ്ടിൽ 4,44,887/-രൂപാ നീക്കിയിരുപ്പുണ്ട്. ടി തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.കൂടാതെ ജില്ലാ പഞ്ചായത്ത് എക്സി എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ്ചെയ്ത തുകയും ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-29 ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണംകേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അധികം നല്കിയ 12,87,337 രൂപാ നിരാകരിക്കുന്നു

പ്രോജക്ട്-ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം (340/20-21)

അടങ്കൽ തുക-80,00,000/-രൂപ (ആരോഗ്യ വകുപ്പ് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

അക്രെഡിറ്റഡ് ഏജൻസി-കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി 24-09-2019 ൽ അസി. എഞ്ചിനീയർ 04/AE/LSGD/EDML ആയി കരാറിലേർപ്പെട്ടു.കരാർപ്രകാരം നിർമ്മാണ കാലാവധി സ്ഥലം കൈമാറിയ തീയതിയായ 24. 6.2019 മുതൽ എട്ടുമാസം പൂർത്തീകരിക്കുന്ന തീയതിയായ 23.2.2020 വരെ ആയിരുന്നു. ടി പ്രവൃത്തിക്കായി താഴെ കൊടുത്തിരിക്കും പ്രകാരം 80.00 ലക്ഷം രൂപാ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നല്കി. ഇതിൽ അധികം നല്കിയ 12,87,337/-രൂപാ നിരാകരിക്കുന്നു. (ഖണ്ഡിക 3-3 കാണുക).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ദേശീയ തൊഴിലുറപ്പ് പദ്ധതി - അധികനിരക്കിൽ തുക അനുവദിച്ചു

2019-20 സാമ്പത്തിക വർഷത്തിൽ Earthern Bund നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code-ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/$m^3$ – 204.37/$m^3$ - രൂപ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കൂലി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിയ്ക്കാവുന്ന നിരക്ക് 157.18/$m^3$ – 168.78/$m^3$-രൂപയാണ്.

വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മൺകയ്യാല നിർമ്മാണത്തിന് വളരെയധികം വെള്ളം ആവശ്യമുള്ളതിനാൽ തൊഴിലാളികൾ പല സ്ഥലങ്ങളിൽനിന്നും വെള്ളം എത്തിച്ചാണ് പ്രവൃത്തികൾ നിർവഹിച്ചത് എന്നും ഈ സാഹചര്യത്തിലാണ് സെമിസ്കിൽഡ് ഇനത്തിലെ തുക അൺസ്കിൽഡ് വേതനമായി നല്കിയത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| SL NO | WORK CODE/NAME | TS NO/ DATE | M.BOOK NO/ M.BOOK പ്രകാരം ചെയ്ത അളവ് | അനുവദിച്ച നിരക്ക്/ തുക | അനുവദി ക്കേണ്ട നിരക്ക്/ തുക | M.BOOK പ്രകാരം കുറച്ച തുക | അധികം നൽകിയ തുക | $M^3$ ന് നൽകിയ നിരക്ക് | $M^3$ ന് നൽ കേണ്ട നിരക്ക് |
|---|---|---|---|---|---|---|---|---|---|
| 1 | തേവർത്തോട്ടം ഭാഗം (3) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-41613001004/LD/355426 | 163/ 25.4.20 | 70/20-21 566.4m3 | 109178.13/- | 89026.75/- | 1838.9 | 18312/- | 192.758 | 157.18 |
| 2 | കമ്പംകോട്ഭാഗം2 ചെറുകിട നാമമാത്ര കർഷകരുടെ മൺകയ്യാല നിർമ്മാണം ആയൂർ നീർത്തടം വാർഡ്16, (1613001004/LD/355130) | 179/ 30.4.20 | 359/19-20 585.6m3 | 119679.07/- | 98837.57/- | 1944.192 | 18897.31/- | 204.37 | 168.78 |
| 3 | കമ്പംകോട്ഭാഗം 1 ചെറുകിട നാമമാത്ര കർഷകരുടെ മൺകയ്യാല നിർമ്മാണം ആയൂർ നീർത്തടം വാർഡ്16 (1613001004/LD/355129) | 179/ 30.4.20 | 435/20-21 533.77m3 | 109086.5749 | 90089.7006 | 1772.11 | 17224.7643 | 204.37 | 168.78 |
| 4 | കമ്പംകോട്ഭാഗം 2 എസ്.സി/ ബി.പി.എൽ/വിധവകുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാലനിർമ്മാണം വാർഡ്16 (1613001004/LD/355133) | 365/ 30.9.19 | 347/20-21 573.60m3 | 117226.632 | 96812.208 | 1895.74 | 18518.684 | 204.37 | 168.78 |
| 5 | ഇടയംഭാഗം 2എസ്.സി, ബി.പി.എൽ, വിധവകുടുംബങ്ങളുടെ ഭൂമിയിലെ | 376/ 30.9.19 | 5/20-21 576m3 | 111028.608 | 90535.68 | 1903.68 | 18589.248 | 192.758 | 157.18 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മൺകയ്യാലനിർമ്മാണം വാർഡ്18(1613001004/LD/355235) | | | | | | | | |
| 6 | ഇടയംഭാഗം3 എസ്.സി, ബി.പി.എൽ, വിധവകുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാലനിർമ്മാണം വാർഡ്19(91613001004/LD/355245) | 175/ 19.4.20 | 349/20-21 580.80m3 | 118698.096 | 98027.424 | 1919.54 | 18751.132 | 204.37 | 168.78 |
| 7 | പൊടിയാട്ടുവിള ഭാഗം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-1 ഭാഗം2(1613001004/LD/ 355403) | 183/ 11.6.20 | 95/20-21 571.20m3 | 116736.144 | 96407.136 | 1887.81 | 18441.198 | 204.37 | 168.78 |
| 8 | പുന്നയ്ക്കാട് ഭാഗം ചെറുകിടനാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-1 ഭാഗം-1(1613001004/LD/ 355405) | 190/ 30.4.20 | 97-20-21 575.04m3 | 117520.9248 | 97055.2512 | 1900.5 | 18565.1736 | 204.37 | 168.78 |
| 9 | കൈതക്കെട്ട് ഭാഗം (3) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-2(1613001004/LD/355411) | 191/ 30.4.20 | 71/20-21 574.56m3 | 110751.03648 | 90309.3408 | 1898.92 | 18542.77568 | 192.758 | 157.18 |
| 10 | കൈതക്കെട്ട് ഭാഗം (1) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-2(1613001004/LD/355414) | 172/ 30.4.20 | 79/20-21 574.08m3 | 110658.51264 | 90233.8944 | 1897.33 | 18527.28824 | 192.758 | 157.18 |
| 11 | കുറ്റ ഭാഗം (1) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-4(1613001004/LD/355427) | 166/ 30.4.20 | 99/20-21 568.80m3 | 109640.7504 | 89403.984 | 1879.88 | 18356.8864 | 192.758 | 157.18 |
| 12 | ചെമ്പകരാമനല്ലൂർ ഭാഗം (1) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-9(1613001004/LD/355613) | 176/ 30.4.20 | 439/20-21 536.46m3 | 109636.3302 | 90543.7188 | 1781.04 | 17311.5714 | 204.37 | 168.78 |
| 13 | പനച്ചവിള ഭാഗം (2) എസ്.സി/ ബി.പി.എൽ/വിധവ കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-7(1613001004/LD/355827) | 171/ 30.4.20 | 426/20-21 542.4m3 | 110850.288 | 91546.272 | 1800.768 | 17503.248 | 204.37 | 168.78 |
| 14 | ചെമ്പകരാമനല്ലൂർ ഭാഗം (2) എസ്.സി./ ബി.പി.എൽ/വിധവ കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-9 (1613001004/LD/355833) | 203/ 30.4.20 | 441/20-21 544.80m3 | 111340.776 | 91951.344 | 1800.56 | 17588.872 | 204.37 | 168.78 |
| 15 | നീറായ്ക്കോട്ഭാഗം 2 ചെറുകിടനാമമാത്ര കർഷകരുടെഭൂമിയിലെമൺകയ്യാല തോട്ടുമുഴിനീർത്തടംവാർഡ്15 (1613001004/LD/355122) | 177/ 30.4.20 | 424/20-21 559.11m3 | 114265.3107 | 94366.5858 | 1856.24 | 18042.4849 | 204.37 | 168.78 |
| 16 | നീറായ്ക്കോട്ഭാഗം 1 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെമൺകയ്യാല തോട്ടുമുഴി നീർത്തടം വാർഡ്15 (1613001004/LD /355120) | 167/ 30.4.20 | 421/20-21 565.79m3 | 115630.5023 | 95494.0362 | 1878.42 | 18258.0461 | 204.37 | 168.78 |
| 17 | തേവർത്തോട്ടം ഭാഗം (2) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-4(1613001004/LD/ 355425) | 189/ 30.04.20 | 65/20-21 573.12m3 | 117128.5344 | 96731.1936 | 1894.16 | 18503.1808 | 204.37 | 168.78 |
| 18 | ചെമ്പകരാമനല്ലൂർ ഭാഗം (1) എസ്.സി/ ബി.പി.എൽ/വിധവ കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-9 (1613001004/LD/355832) | 340/ 30.09.19 | 369/19-20 540m3 | 110359.8 | 91141.2 | 1792.8 | 17425.8 | 204.37 | 168.78 |
| 19 | വെള്ളൂർഭാഗം 1 ചെറുകിടനാമമാത്ര കർഷകരുടെ മൺകയ്യാല നിർമ്മാണം ആനപ്പുഴയ്ക്കൽ നീർത്തടംവാർഡ്18 (1613001004/LD/355229) | 371/ 30.9.19 | 436/20-21 576m3 | 117717.12 | 97217.28 | 1912.32 | 18587.52 | 204.37 | 168.78 |
| 20 | കീഴാറ്റൂർഭാഗം 1 ചെറുകിട നാമനാത്ര കർഷകരുടെഭൂമിയിലെമൺകയ്യാല തോട്ടുമുഴിനീർത്തടംവാർഡ്14 (1613001004/LD/355104) | 162/ 30.4.20 | 346/20-21 599.06m3 | 122429.8922 | 100510.2868 | 1988.88 | 19930.7254 | 204.37 | 168.78 |
| 21 | കുറ്റഭാഗം 1 ചെറുകിട നാമമാത്ര കർഷകരുടെ മൺകയ്യാലനിർമ്മാണം | 184/ 30.04.20 | 351/20-21 579.88m3 | 118510.0756 | 92808.7464 | 1925.2 | 23776.1292 | 204.37 | 168.78 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ആനപ്പുഴയ്ക്കൽ നീർത്തടം വാർഡ്18 (1613001004/LD/355232) | | | | | | | | |
| 22 | കണ്ണങ്കാവിൽ ഭാഗം (1) എസ്.സി/ ബി.പി.എൽ വിധവ കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-3(1613001004/LD/355813) | 328/ 30.9.19 | 348/20-21 549.30m3 | 112260.441 | 92710.854 | 1824.67 | 17724.917 | 204.37 | 168.78 |
| 23 | പനച്ചവിള ഭാഗം (2) ചെരുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-7(1613001004/LD/355587) | 169/ 11.6.20 | 423/21-22 555.36m3 | 113498.9232 | 93733.6608 | 1843.79 | 17921.4724 | 204.37 | 168.78 |
| 24 | ഇടയംഭാഗം 1 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം ആനാട്നീർത്തടം വാർഡ്19(1613001004/LD/355237) | 187/ 30.4.20 | 345/20-21 561.6m3 | 108252.8928 | 88272.288 | 1856.09 | 18124.5148 | 192.758 | 157.18 |
| 25 | വയ്ക്കൽഭാഗം 1 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം ആയൂർ നീർത്തടം വാർഡ്17 (1613001004/LD/355135) | 180/ 30.4.20 | 431/20-21 588m3 | 120169.56 | 99242.64 | 1943.34 | 18983.58 | 204.37 | 168.78 |
| 26 | തടിക്കാട് ഭാഗം (2) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-3 (1613001004/LD/355419) | 174/ 30.04.20 | 78/20-21 571.20m3 | 116736.144 | 96407.136 | 1887.81 | 18441.198 | 204.37 | 168.78 |
| 27 | ഒഴുകപാറയ്ക്കൽ ഭാഗം 1 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം ആയൂർ നീർത്തടം വാർഡ്17 (1613001004/LD/355203) | 181/ 30.4.20 | 418/20-21 580.80m3 | 118698.096 | 98027.424 | 1928.25 | 18742.422 | 204.37 | 168.78 |
| 28 | ഒഴുകപാറയ്ക്കൽ ഭാഗം 2എസ്.സി/ ബി.പിഎൽ/വിധവകുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം വാർഡ്17(1613001004/LD/355205) | 182/ 30.4.20 | 427/20-21 492.91m3 | 100736.0167 | 83193.3498 | 1636.46 | 15906.2069 | 204.37 | 168.78 |
| 29 | ഇടയംഭാഗം 2 എസ്.സി, ബി.പി.എൽ, വിധവകുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം വാർഡ്18 (1613001004/LD/355236) | 185/ 30.4.20 | 422/20-21 583.20m3 | 112416.4656 | 91667.376 | 1927.47 | 18821.6196 | 192.758 | 157.18 |
| 30 | ഇടയംഭാഗം 3 ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം ആനാട്നീർത്തടം വാർഡ്19(1613001004/LD/355239) | 188/ 30.04.20 | 350/20-21 566.40m3 | 109178.1312 | 89026.752 | 1871.95 | 18279.4292 | 192.758 | 157.18 |
| 31 | പെരുമണ്ണൂർഭാഗം 2 എസ്.സി, ബി.പി.എൽ, വിധവ കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം വാർഡ്21 (1613001004/LD/355257) | 186/ 11.6.20 | 176/20-21 576m3 | 111028.608 | 90535.68 | 1903.68 | 18589.248 | 192.758 | 157.18 |
| 32 | കോവിൽമുക്ക്ഭാഗം 2 എസ്.സി/ ബി.പി.എൽ/ വിധവകുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല വാർഡ്22 (1613001004/LD/355264) [ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| 33 | വാഴോട്ട ഭാഗം (1) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-9 (1613001004/LD/355609) [ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| 34 | പെരുങ്ങള്ളൂർ ഭാഗം ചെരുകിടനാമമാത്ര കർഷകരുടെ മൺകയ്യാലാമാത്തിൽ നീർത്തടം ഭാഗം 1 വാർഡ്12 (1613001004/LD/355068)[ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| 35 | കൈതക്കെട്ട് ഭാഗം (1) എസ്.സി/ ബി.പി.എൽ/വിധവ കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർ-2(1613001004/LD/355810) [ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| 36 | കോട്ടപ്പൊയ്ക ഭാഗം (1) ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-10(1613001004/ | | | | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | LD/355622)[ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| 37 | അറയ്ക്കൽ ഭാഗം (2) എസ്.സി/ ബി.പി.എൽ/ വിധവ കുടംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം. വാർഡ്-4(1613001004/LD/355818) [ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| 38 | തണ്ടളത്തുഭാഗംഎസ്.സി/ബി.പി.എൽ. കുടുംബങ്ങളുടെ ഭൂമിയിലെ മൺകയ്യാല നിർമ്മാണം വാർഡ്22 (1613001004/LD/ 355263)[ഫയൽ ലഭ്യമാക്കിയിട്ടില്ല] | | | | | | | | |
| ആകെ | | | | | | | 533979.34/- | | |

ക്രമനമ്പർ 32 മുതൽ 38 വരെയുള്ള പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി പ്രവൃത്തികളിൽ അധികമായി തുക നല്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. അധികമായി തുക അനുവദിച്ചതിനാൽ വിവിധ പ്രവൃത്തികളിലായി തൊഴിലാളികൾക്ക് അനർഹമായി തുക അനുവദിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ച തുക പ്രവൃത്തിയുടെ തെറ്റായ മൂല്യനിർണ്ണയം നടത്തിയ തൊഴിലുറപ്പ് വിഭാഗം അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീ. വിദ്യാധരനിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം 9/23-04-2022

## 3-2 ടെണ്ടർകുറവ് തെറ്റായി കണക്കാക്കി, 49,986/-രൂപാ അധികം നല്കി

(I) പ്രവൃത്തി- അലക്കുന്ന് വേങ്കിലഴികം റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ തുക-125000(തനതുഫണ്ട്)

കരാറുകാരൻ-ശ്രീ പിആർ മോഹനൻ

കരാർ-71/Ae/LSGD/EDML/20-21 ,11-07-20

ചെക്ക് നമ്പർ-180195,തീ04-02-2021

0.5% 'ടെണ്ടർകുറവ് രേഖപ്പെടുത്തിയിട്ടുള്ള ടി പ്രവൃത്തിയുടെ അന്തിമബില്ലിൽനിന്നും ടെണ്ടർകുറവ് തെറ്റായി കണക്കാക്കിയതിനാൽ താഴെകൊടുത്തിരിക്കുംപ്രകാരം തുക അധികം നല്കി

ബിൽ തയ്യാറാക്കിയത്

| | |
|---|---|
| പ്രവൃത്തിമൂല്യം | 98306/-രൂപ |
| ടെണ്ടർകുറവ് 0.05% | 49/-രൂപ |
| | 98257/-രൂപ |
| ജി എസ് ടി 12% | 11791/-രൂപ |
| ആകെ | 1,10,048/-രൂപ |

ബിൽ തയ്യാറാക്കേണ്ടിയിരുന്നത്

| | |
|---|---|
| പ്രവൃത്തിമൂല്യം | 98,306/-രൂപ |
| ടെണ്ടർകുറവ് 0.5% | 492/-രൂപ |
| | 97,814/-രൂപ |
| ജി എസ് ടി 12% | 11,738/-രൂപ |
| ആകെ | 1,09,552/-രൂപ |

അധികം ചെലവഴിച്ച തുക-496/-രൂപ

(Ii)

(Ii) പ്രവൃത്തി- ആയൂർ മാർക്കറ്റ് ഫിഷ് സ്റ്റാൾമീറ്റ് സ്റ്റാൾ നവീകരണം

അടങ്കൽ തുക-4,99,000/-രൂപ (തനതുഫണ്ട്)

കരാറുകാരൻ-ശ്രീ.രാഹുലൻ പിള്ള, ഭവാനി മന്ദിരം ഏരൂർ

കരാർ-1/AE/LSGD/EDML/20-21 ,10-06-20

ചെക്ക് നമ്പർ-3142888, തീ 26-03-2021

15.12% 'ടെണ്ടർകുറവ് രേഖപ്പെടുത്തിയിട്ടുള്ള ടി പ്രവൃത്തിയുടെ അന്തിമബില്ലിൽനിന്നും ടെണ്ടർകുറവ് വരുത്താതെ തുക നല്കിയതുമൂലം താഴെകൊടുത്തിരിക്കുംപ്രകാരം അധികം തുക ചെലവഴിക്കേണ്ടിവന്നു

ബിൽതയ്യാറാക്കിയത്

| | |
|---|---|
| പ്രവൃത്തിമൂല്യം | 292207/-രൂപ |
| ജി എസ് ടി 12% | 35065/-രൂപ |
| ആകെ | 327272/-രൂപ |

ബിൽ തയ്യാറാക്കേണ്ടിയിരുന്നത്

| | |
|---|---|
| പ്രവൃത്തിമൂല്യം | 292207/-രൂപ |
| ടെണ്ടർകുറവ് 15.12% | 44182/-രൂപ |
| | 248025/-രൂപ |
| ജി എസ് ടി 12% | 29763/-രൂപ |
| ആകെ | 277782/-രൂപ |

അധികം ചെലവഴിച്ച തുക-49,490/-രൂപ

2 പ്രവൃത്തികളിലായി അധികം നല്കിയ തുക49,986/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക-49986/-രൂപ

ഓഡിറ്റ് അന്വേഷണം-12/25-04-2022,27/27-04-2022

3-3 ആയൂർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം (340/20-21), അധികമായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിനു നല്കിയിട്ടുള്ള , 12,87,337 രൂപാ നിരാകരിക്കുന്നു

പ്രോജക്ട്-ആയൂർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം (340/20-21)

അടങ്കൽ തുക-8000000/-രൂ(ആരോഗ്യ വകുപ്പ് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

അക്രെഡിറ്റഡ് ഏജൻസി-കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡുമായി 24-09-2019 ൽ അസി.എഞ്ചിനീയർ 04/AE/LSGD/EDML ആയി കരാറിലേർപ്പെട്ടു.കരാർപ്രകാരം നിർമ്മാണ കാലാവധി സ്ഥലം കൈമാറിയ തീയതിയായ 24.6.2019 മുതൽ എട്ടുമാസം പൂർത്തീകരിക്കുന്ന തീയതിയായ 23.2.2020 വരെ ആയിരുന്നു. ടി പ്രവൃത്തിക്കായി താഴെ കൊടുത്തിരിക്കും പ്രകാരം 80.00ലക്ഷം രൂപാ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നല്കി.

| ക്ര.നം | ചെക്ക് നം,/ തീയതി | തുക(₹) |
|---|---|---|
| 1 | 114074/08-07-2019 | 16,00,000/-രൂ |
| 2 | 256982/29-02-20 | 16,00,000/-രൂ |
| 3 | 180914/03-02-2021 | 16,00,000/-രൂ |
| 4 | 181049/31-03-2021 | 32,00,000/-രൂ |
| | ആകെ | 80,00,000/-രൂ |

ടി പ്രവൃത്തി സംബന്ധമായ നടപടിക്രമങ്ങളിലെ അപാകതകൾ വിശദമായി 2019-20 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.19 ആയി ഉൾപ്പെടുത്തിയിരുന്നു.

കരാർ പ്രകാരം 5 തുല്യഗഡുക്കളായാണ് തുക നല്കേണ്ടത്. വ്യവസ്ഥ (7) പ്രകാരം അന്തിമബില്ലും , ചെലവുകളുടെ സംക്ഷിപ്ത പത്രികയും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഗ്രാമ പഞ്ചായത്തിലെ അസി. എഞ്ചിനീയർക്ക് നൽകേണ്ടതും, ആയത് പരിശോധിച്ച് തൃപ്തികരമായ നിർമ്മാണം ഉറപ്പുവരുത്തി മുൻപ് നല്കിയ തുകകൾ ക്രമീകരിച്ച് അന്തിമബില്ല് ലഭിച്ച് 2 മാസത്തെ കാലാവധിക്കുള്ളിൽ ബാക്കിതുക നൽകേണ്ടതുമാണ്. പരിശോധനയ്ക്ക് ലഭ്യമാക്കിയ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൻറെ അന്തിമബിൽ പ്രകാരം പ്രവൃത്തി ചെക്ക് മെഷർ ചെയ്തിരിക്കുന്നത് 07-09-2021 ലാണ്. അന്തിമ ബിൽ നല്കുന്നതിനു മുൻപായി മുഴുവൻ തുകയും ഭവന നിർമ്മാണ ബോർഡിനു നല്കി.

അന്തിമബിൽ പ്രകാരം പ്രവൃത്തിമൂല്യം 55,27,555/-രൂപായാണ്. ഇതുപ്രകാരം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകേണ്ട തുക താഴെ കൊടുക്കുന്നു

| ക്ര. നം | വിവരണം | തുക (₹) |
|---|---|---|
| 1 | പ്രവൃത്തി മൂല്യം | 55,27,555/- |
| 2 | സെൻറേജ് ചാർജ്ജ് 8% | 4,42,204/- |
| 3 | ജി എസ് ടി (സെൻറേജ് ചാർജ്ജ്) 18% | 79,597/- |
| 4 | ജി എസ് ടി (പ്രവൃത്തി മൂല്യം)12% | 6,63,307/- |
| | ആകെ | 67,12,663/- |
| | അധികം നല്കിയ തുക | 12,87,337/- |

(25-7-2017ലെ ജി.ഒ(പി) നം.95/2017 ധന ഉത്തരവ് പ്രകാരം ആകെ പ്രവൃത്തിമൂല്യമോ എസ്റ്റിമേറ്റ് തുകയോ ഏതാണ് കുറവ് ആയതിനെ ആധാരമാക്കി സെൻറേജ് ചാർജ് നൽകണമെന്നും ഒരു കോടിയിൽ താഴെ മൂല്യമുള്ള പ്രവൃത്തികളുടെ സെൻറേജ് ചാർജ് 8% ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു)

മുൻകൂറായി നല്കുന്ന തുക പൂർണ്ണമായും ചെലവഴിച്ചു എന്ന് ഉറപ്പുവരുത്തി സാക്ഷ്യ പത്രത്തിൻറെ അടിസ്ഥാനത്തിൽ മാത്രമാണ് അടുത്ത ഗഡു നൽകേണ്ടത്. ആയത് ഒന്നും പരിഗണിക്കാതെ മുഴുവൻ തുകയും മുൻകൂറായി നല്കിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

അന്തിമ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത വിവിധ ഇനം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. കരാർപ്രകാരം പൊതുമരാമത്ത് മാനുവൽ ബാധകമായ ടി പ്രവൃത്തിയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ നേതൃത്വത്തിൽ എൻജിനീയറിങ് വിഭാഗം പ്രവർത്തനസജ്ജമായിരുന്നിട്ടും 6585000/-രൂപ എസ്റ്റിമേറ്റ് വരുന്ന കെട്ടിട നിർമ്മാണ പ്രവൃത്തി

സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ടെൻഡർ നടപടികൾ കൂടാതെ ഏൽപ്പിച്ചത് വഴി. (കരാറുകാരന്റെ ലാഭം ഉൾപ്പെടുന്ന എസ്റ്റിമേറ്റാണ്) 8% തുക കൺസൾട്ടിംഗ് ഫീസിനത്തിൽ അധികമായി ചെലവഴിക്കുന്നതിന് കാരണമായി. ഈ ഇനത്തിൽ 5,21,801/-രൂപായുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അധികം നല്കിയ 12,87,337/-രൂപ നിരാകരിക്കുന്നു . ടിതുക തിരികെ ഒടുക്കുന്ന തീയതിവരെയുള്ള പലിശ സഹിതം കണക്കാക്കി അന്തിമബിൽ നല്കുന്നതിനു മുൻപായി അവസാന ഗഡുവായി 32,00,000/- രൂപാ ക്രമപ്രകാരമല്ലാതെ മുൻകൂറായി നല്കിയ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാനും, പഞ്ചായത്തിലെ എഞ്ചിനീയറിംഗ് സംവിധാനം പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

നിരാകരണം-12,87,337/-രൂപ

ഓഡിറ്റ് അന്വേഷണം-25/26.04.2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 21-04-2022 | കെ.എസ്.എ.കെ.എൽ.എം. പി1/719/2022 തീയതി 20.07.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 53210/- | നെൽകൃഷി വികസനം(266/20) ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 53210/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 102578/- | നെൽകൃഷി വികസനം(79/20) | 102578/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000/- | ലൈഫ് ഭവന നിർമ്മാണം(294/20) | 1000000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1600000/- | ലൈഫ് ഭവന നിർമ്മാണം(98/20) | 1600000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 640000/- | ലൈഫ് ഭവന നിർമ്മാണം(301) | 640000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 900000/- | ലൈഫ് ഭവന നിർമ്മാണം(51) | 900000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000/- | അങ്കണവാടി പോഷകാഹാരം | 150000/- | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000/- | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000/- | ഇടമുളയ്ക്കൽ സാമൂഹ്യ ക്ഷേമ പദ്ധതി | 200000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000/- | ഇടമുളയ്ക്കൽ സാമൂഹ്യ ക്ഷേമ ഉപകേന്ദ്ര നിർമ്മാണം | 200000/- | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 50000/- | അങ്കണവാടി പോഷകാഹാരം(42) | 50000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 179393/- | പൊടിയാട്ടുവിള റോഡ്(361/20) | 179393/- | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 570983/- | കൊമ്പേറ്റിമല റോഡ് | 570983/- | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 400000/- | ലൈഫ് ഭവന നിർമ്മാണം | 400000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 399465/- | മഠത്തിവിള ഏല റോഡ്(358) | 399465/- | - |
| | | | ആകെ | 6545629/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 160000/- രൂപ വരവുണ്ട്. ആയതിൽ 145781/-രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം | 2020-21 | 160000/- | 14138449/- | 1405491/- | 12892958/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 707365/-രൂപ |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ വരവ്) | 60126/-രൂപ |
| ആകെ | 767491/-രൂപ |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 767491/-രൂപ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക(₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | SCB, Arackal | 06.03.18 | 2019-2020 | 767491/- | |

| | |
|---|---|
| ആകെ | 767491/- |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 533979/- | ശ്രീ.എൻ വിദ്യാധരൻ,അക്രഡിറ്റഡ് എഞ്ചിനീയർ, MGNREGS |
| 3-2 | | 496/- | ശ്രീമതി ധന്യശ്രീ, അസി എഞ്ചിനീയർ |
| 3-2 | | 49490/- | ശ്രീ.പി. സുനിൽ കുമാർ, അസി എഞ്ചിനീയർ |
| 3-3 | | 1287337/- | ശ്രീ. പി. സുനിൽ കുമാർ, അസി. എഞ്ചിനീയർ |

തടസ്സപ്പെടുത്തുന്ന തുക

| | | |
|---|---|---|
| 1-20 | 2640000/-രൂപ | ശ്രീമതി അന്നമ്മ,അസി സെക്രട്ടറി |
| 1-21 | 989905/-രൂപ | ശ്രീമതി.പത്മജ തോമസ്,സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പത്മജ തോമസ്, സെക്രട്ടറി | വിരമിച്ചു | സ്റ്റൈലാർക്ക്,ഇരുമരം, കരിപ്പൂർ,നെടുമങ്ങാട് |
| ശ്രീമതി അന്നമ്മ, അസി സെക്രട്ടറി | അസി സെക്രട്ടറി, പേരയം ഗ്രാ.പ | ബാസിൽ ഭവൻ,കോട്ടപ്പുറം, മുളവന,കുണ്ടറ |
| ശ്രീമതി ധന്യശ്രീ, അസി എഞ്ചിനീയർ | അസി എഞ്ചിനീയർ, പോത്തൻകോട് ഗ്രാ.പ | പ്രതീക്ഷ,മന്നംകോണം ലെയ്ൻ, മെഡിക്കൽ കോളേജ്, ഉള്ളൂർ |
| ശ്രീ.പി. സുനിൽ കുമാർ, അസി എഞ്ചിനീയർ | അസി എഞ്ചിനീയർ, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത് | സുനിൽ ഭവൻ, അത്തൂർ, മുളയ്ക്കലത്ത്കാവ് പിഒ, തട്ടത്തുമല, കിളിമാന്നൂർ |
| ശ്രീ.എൻ വിദ്യാധരൻ,അക്രഡിറ്റഡ് എഞ്ചിനീയർ,MGNREGS | അക്രഡിറ്റഡ് എഞ്ചിനീയർ,MGNREGS | ശ്രീപദ്മം ,അമ്പലക്കര പി. ഒ.,അമ്പലക്കര ,കൊട്ടാരക്കര |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി-1/447(1)/23-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി-1/447(2)/23-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/447(3)/23-03-2018 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/447(4)/23-03-2018 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/447(5)/23-03-2018 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/447(6)/23-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/447(7)/23-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/447(8)/23-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/447(9)/23-03-2018 |
| 2005-06 | എൽ.എഫ്.ക്യു.പി4/1360/14(15) തീയതി 23.06.14 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19 തീയതി 10.6.19 |
| 2011-12 & | എൽ.എഫ്.ക്യു.പി.4/393/14 തീയതി 15-05-14 |

| | |
|---|---|
| 2012-13 | |
| 2013-14 & 2014-15 | കെ.എസ്.എ-കെഎൽഎം/പി4/ 2211/ 15 തീ 19-12-15 |
| 2015-16 | കെ.എസ്.എ-കെഎൽ എം/പി4/ 1843/16 തീ 05-01-2017 |
| 2016-17 | കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017 |
| 2017-18 | കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019 |
| 2018-19 | കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020 |
| 2019-20 | കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്